# ജ്യോതിസ്സ്

Monthly Newsletter

(for Private Circulation Only)

ST. MARY'S HIGHER SECONDARY SCHOOL

PATTOM, THIRUVANANTHAPURAM - 04

ലക്കം 2 നവംബർ 2021





## ആഹ്ലാദാരവങ്ങളോടെ തിരികെ സ്കൂളിലേക്ക്



നീണ്ട 20 മാസത്തെ ഇടവേളയ്ക്ക് ശേഷം കുട്ടികൾ വീണ്ടും സ്കൂളിലേക്ക്. കേരളപ്പിറവി ദിനമായ നവംബർ ഒന്നിന് സ്കൂളിലെത്തിയ കുട്ടികളെ വരവേൽക്കാൻ സെന്റ് മേരീസ് ഒരുക്കിയത് സമാനതകളില്ലാത്ത സ്വീകരണം. പ്രിൻസിപ്പൽ റവ. ഫാ. ബാബു ടി. ഹെഡ്മാസ്റ്റർ ശ്രീ. ബിജോ ഗീവറുഗീസ് എന്നിവരുടെ നേതൃത്വത്തിൽ അധ്യാപകരും പി.ടി.എ ഭാരവാഹികളും ചേർന്ന് ചെണ്ടമേളത്തിന്റെ അകമ്പടിയോടെ പൂക്കളും മിഠായികളും നൽകി കുട്ടികളെ സ്വീകരിച്ചു.

കോവിഡ് പ്രോട്ടോക്കോൾ കർശനമായി പാലിച്ചുകൊണ്ടായിരുന്നു കേരളപ്പിറവി ദിനത്തിലെ പ്രവേശനോത്സവം. സാമൂഹിക അകലം പാലിച്ചും സാനിറ്റൈസർ നൽകിയും ശരീരോഷ്മാവ് പരിശോധിച്ചുമാണ് കുട്ടികളെ സ്കൂളിലേക്ക് വരവേറ്റത്.

## അധ്യാപക രക്ഷാകർതൃ സമിതിക്ക് പുതിയ നേതൃത്വം.



പ്രൊഫ. ശ്രീ.എൻ.കെ. സുനിൽ കുമാർ



പ്രൊഫസർ ശ്രീമതി ജിബി ഗീവർഗീസ്

സെന്റ് മേരീസ് ഹയർസെക്കൻഡറി സ്കൂളിലെ അധ്യാപക രക്ഷാകർതൃ സമിതിയുടെ പുതിയ പ്രസിഡന്റായി തിരുവനന്തപുരം എം.ജി. കോളേജ് സോഷ്യോളജി വിഭാഗം അസിസ്റ്റന്റ് പ്രൊഫ. ശ്രീ.എൻ.കെ. സുനിൽ കുമാറും മദർ പി.ടി.എ.പ്രസിഡന്റായി നാലാഞ്ചിറ മാർ തെയോഫിലോസ് ട്രെയിനിംഗ് കോളേജ് അസോസിയേറ്റ് പ്രൊഫസർ ശ്രീമതി ജിബി ഗീവർഗീസും തെരഞ്ഞെടുക്കപ്പെട്ടു.

ഒരേ സമയം രണ്ട് കോളജ് അധ്യാപകർ ഈ സ്ഥാനങ്ങൾ അലങ്കരിക്കുന്നത് ഇതാദ്യമായാണ്.

## പാഠ്യേതര പ്രവർത്തനങ്ങളിലും സെന്റ് മേരീസ് മാതൃക – മന്ത്രി പി. ശിവൻകുട്ടി



പഠന പ്രവർത്തനങ്ങളിൽ എന്നപോലെ പാഠ്യേതര പ്രവർത്തനങ്ങളിലും പട്ടം സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂൾ ഏവർക്കും മാതൃകയാണെന്ന് മന്ത്രി വി. ശിവൻകുട്ടി.

പട്ടം സെന്റ് മേരീസ് സ്കൂൾ വിദ്യാർത്ഥികളുടെ വീടുകളിൽ നടപ്പാക്കുന്ന വീട്ടിലൊരു ഗ്രന്ഥപ്പുര പദ്ധതിയുടെ ഉദ്ഘാടനം പ്രാവച്ചമ്പലം അരിക്കടെ ജംഗ്ഷനിൽ സുമാനുഷത്തിൽ ഡോ. രഞ്ജിത്തിന്റെ വീട്ടിൽ നിർവഹിച്ചു പ്രസംഗിക്കുകയായിരുന്നു മന്ത്രി. പട്ടം സെന്റ് മേരീസ് സെക്കൻഡറി സ്കൂളിൽ എട്ടാം ക്ലാസിൽ പഠിക്കുന്ന സ്വയ രഞ്ജിത്തിന്റെ 1200 പുസ്തകങ്ങൾ അടങ്ങിയ ലൈബ്രറി ഉദ്ഘാടനം മന്ത്രി നിർവഹിച്ചു. പ്രിൻസിപ്പൽ ഫാ. ടി. ബാബു അധ്യക്ഷത വഹിച്ചു. ഐ.ബി.സതീഷ് എം.എൽ.എ. മുഖ്യപ്രഭാഷണം നടത്തി. പഞ്ചായത്ത് പ്രസിഡന്റ് ടി. മല്ലിക, നേമം ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ഐ.ടി.മനോജ്, താലൂക്ക് ലൈബ്രറി കൗൺസിൽ ജോയിന്റ് സെക്രട്ടറി കെ. എസ്. പ്രദീപ്, പഞ്ചായത്ത് മെമ്പർ ടി. ഗീത, ഹെഡ്മാസ്റ്റർ ബിജോ ഗീവർഗീസ്, പി.ടി.എ. പ്രസിഡന്റ് ഷാജിമോൻ കുര്യാത്തി, സ്റ്റാഫ് സെക്രട്ടറി ലാൽ എം. തോമസ്, സ്വയ രാജ് എന്നിവർ പ്രസംഗിച്ചു. വരും ദിവസങ്ങളിൽ എല്ലാ വിദ്യാർത്ഥികളുടെയും ഭവനങ്ങളിൽ ഗ്രന്ഥപ്പുര ക്രമീകരിക്കുന്നതോടൊപ്പം വീട്ടിലൊരു പൂന്തോട്ടം, വീട്ടിലൊരു പച്ചക്കറിത്തോട്ടം എന്നീ പദ്ധതികളും നടപ്പാക്കുമെന്ന് പ്രിൻസിപ്പൽ ഫാ. ടി. ബാബു, ഹെഡ്മാസ്റ്റർ ബിജോ ഗീവർഗ്ഗീസ് എന്നിവർ പറഞ്ഞു. "വീട് ഒരു വിദ്യാലയം" പദ്ധതി ഡപ്യൂട്ടി മേയർ പി. കെ. രാജു പട്ടം പൊട്ടക്കുഴിയിൽ അച്യുത് കൃഷ്ണന്റെ വീട്ടിൽ ഉദ്ഘാടനം ചെയ്തു.

### School Blessing



സ്കൂളിന്റെ ആശീർവാദം മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാ ബാവാ നിർവ്വഹിക്കുന്നു.

# എഡിറ്റോറിയൽ

സെന്റ് മേരീസ് അങ്കണം ആവേശത്തിലാണ്. ക്ലാസ്സ് മുറികളും ക്യാമ്പസും സജീവം. 20 മാസത്തെ ഡിജിറ്റൽ അധ്യയനത്തിനുശേഷം അക്ഷരത്തറവാട്, പുതുഅങ്കത്തിനു തയ്യാർ. ഓണവും ക്രിസ്തുമസും മധ്യവേനലവധിയും കോവിഡ് കൊണ്ടുപോയി എന്ന ഖേദം ബാക്കിനില്ക്കുമ്പോഴും, കൂട്ടുകാരെ കാണാൻ, അധ്യാപകരോടൊപ്പം ആയിരിക്കാൻ അവർ കാട്ടുന്ന ആവേശം ഏവരെയും പ്രചോദിപ്പിക്കുന്നു. ഒരു നിമിഷം പോലും ജാഗ്രത കൈവെടിയരുതെന്ന നിർദ്ദേശം മടുപ്പുളവാക്കുന്നു എന്നറിയുകിലും, മുഖാവരണം മാറ്റാൻ സമയമായിട്ടില്ല. വകഭേദങ്ങളും രൂപമാറ്റങ്ങളുമായി കൊറോണ എന്ന ഇത്തിരിക്കുഞ്ഞൻ ഈ ദേശത്തു നിന്നും മടങ്ങാൻ ഇനിയും തയ്യാറായിട്ടില്ല എന്നു സാരം.

ഞങ്ങൾ അറിഞ്ഞതിനും ചിന്തിച്ചതിനുമപ്പുറം കാര്യങ്ങൾ, നിങ്ങൾ പഠിച്ചു, ചെയ്തു-രക്ഷിതാക്കളുടെ വ്യാപാര സ്ഥാപനങ്ങൾ ലാഭകരമാക്കാൻ നൂതനാശയങ്ങൾ നടപ്പിലാക്കുക മുതൽ, ഓൺലൈൻ വരുമാനസമ്പാദനവും, എഡിറ്റിംഗും വെബ് പേജ് ഡിസൈനിംഗും ആങ്കറിംഗും, എത്തിക്കൽ ഹാക്കിംഗും വരെ പഠിച്ചെടുത്ത മിടുക്കരാണ് ഇന്ന് സ്കൂളുകളിൽ തിരികെ എത്തിയിരിക്കുന്നത്. വായന ഇഷ്ടപ്പെടുന്നവരുടെ ശതമാനം കുറഞ്ഞോ എന്നൊരാശങ്ക. ഇതൊക്കെയാണെങ്കിലും കോവിഡ് കാലത്ത് പങ്കുവയ്ക്കലുകൾ കുറഞ്ഞു പോയില്ലേ? സൗഹൃദമായാലും, അറിവായാലും അനുഭവങ്ങളായാലും പങ്കുവയ്ക്കാൻ കഴിയണം. ചുറ്റുപാടുകളെ നിരീക്ഷിക്കുന്നവരാകണം. നാടിനെയും സമൂഹത്തെയും കുറിച്ച് നന്മ നിറഞ്ഞ സ്വപ്നം ഉള്ളവരാകണം. സമ്മർദ്ദങ്ങളും പ്രലോഭനങ്ങളും വിവേചന ബുദ്ധിയോടെ നേരിടാൻ പ്രാപ്തി നേടണം. നിസാര പ്രശ്നങ്ങൾക്കു മുമ്പിൽ തകർന്നു തരിപ്പണമാകാതിരിക്കാൻ സഹായം തേടണം.

വിദ്യാർത്ഥികൾ അവരുടെ കഴിവുകളെയും വാസനകളെയും തിരിച്ചറിഞ്ഞ് അതിനെ പിൻചെല്ലട്ടെ. സന്തോഷം തുളുമ്പുന്ന മനസ്സോടെ ഏറ്റെടുക്കുന്ന പ്രവർത്തനം എന്തുതന്നെയായാലും പൂർണ്ണ തൃപ്തിയോടെ, ആത്മവിശ്വാസത്തോടെ ചെയ്യാൻ നിങ്ങൾക്ക് കഴിയട്ടെ.

നവംബറിൽ, ശിശുദിനവും ചാച്ചാജിയും ഓർമ്മയിൽ തെളിയുമ്പോൾ, സുദീപ്തവും സുരക്ഷിതവുമായ ഒരു ബാല്യം നിങ്ങൾക്കുണ്ടാവട്ടെ.

പ്രിയപ്പെട്ട കൂട്ടുകാരേ,



ഇപ്രാവശ്യത്തെ ശിശുദിനാചരണം വലിയ ചിന്തകളുടേതാക്കി മാറ്റാൻ നമുക്ക് സാധിച്ചു. സമാനതകളില്ലാത്ത ഒരു പാൻഡമിക്ക് സാഹചര്യം തീർത്ത കെടുതികൾ പതിയെ കുറഞ്ഞു വരുന്നൊരു സമയത്താണ് ഒന്നരവർഷമായി അടഞ്ഞു കിടന്നിരുന്ന വിദ്യാലയങ്ങൾ നവംബർ ഒന്നാം തീയതി വീണ്ടും തുറന്നത്. ഒത്തൊരുമയോടെയും ഐക്യ ബോധത്തോടെയും ദുരന്തങ്ങളെ നേരിട്ട് മനുഷ്യ ജീവിതം കരുപ്പിടിപ്പിച്ച അതിജീവനകഥകൾ ലോക ചരിത്രത്തിൽ ധാരാളമുണ്ട്. ഒരു പരിഷ്കൃത-വികസിത ഇന്ത്യയെ സ്വപ്നം കാണുകയും അതിനാവശ്യമായ മഹിതാദർശങ്ങൾ നടപ്പിൽ വരുത്തുകയും അതിലൂടെ ആധുനിക ഇന്ത്യയെ കെട്ടിപ്പടുക്കാൻ പരിശ്രമിക്കുകയും ചെയ്ത ദീർഘദർശിയും രാഷ്ട്രതന്ത്ര ജ്ഞനുമായ ഭരണാധികാരിയായിരുന്നു പണ്ഡിറ്റ് ജവഹർലാൽ നെഹ്റു. സ്വതന്ത്ര ഇന്ത്യയ്ക്ക് ഭരണഘടനാദത്തങ്ങളായ മൂല്യങ്ങളെ കേന്ദ്രീകരിച്ച് വളരാനാവശ്യമായ വെളിച്ചവും തെളിച്ചവും പകർന്നേകിയ ഉന്നത ശീർഷനായ രാഷ്ട്രീയ നേതാവായിരുന്നു അദ്ദേഹം. ഇന്ത്യൻ വൈവിധ്യങ്ങളുടെ ആന്തരിക സത്ത മനസ്സിലാക്കിയ ഗാന്ധിജിയുടെ പ്രഥമ ശിഷ്യനായ നേതാവു കൂടിയായിരുന്നു അദ്ദേഹം. ശാസ്ത്രീയ ചിന്തയും മതനിരപേക്ഷതാ ബോധവും സോഷ്യലിസ്റ്റ് കാഴ്ചപ്പാടുകളും ജീവിതത്തിലുടനീളം പകർത്തിയ യുഗ പ്രഭാവനായിരുന്നു നെഹ്റു. ചിന്തകൻ, എഴുത്തുകാരൻ, പ്രഭാഷകൻ, സംസ്കാരങ്ങളുടെ വ്യാഖ്യാതാവ്,ഗാന്ധിയൻ ആശയങ്ങളുടെ പ്രചാരകൻ, ഭരണകർത്താവ്, ബഹുഭാഷാ പണ്ഡിതൻ, കറകളഞ്ഞ ജനാധിപത്യ വാദി എന്നിങ്ങനെ വ്യത്യസ്ത മേഖലകളിൽ തിളങ്ങിയ ആ ബഹുമുഖ പ്രതിഭ നമുക്ക് എന്നും മാർഗദർശിയാണ്. ശരിയായ പഠനത്തിനും ശാസ്ത്രീയ കാഴ്ച്ചപ്പാടുകൾ രൂപപ്പെടുത്തിയെടുക്കുന്നതിനും കലാലയ ജീവിത കാലത്തു തന്നെ വിദ്യാർഥികൾ പരിശ്രമിക്കേണ്ടതുണ്ട്. കൃത്യമായ നിരീക്ഷണങ്ങളും അപഗ്രഥന ശേഷിയും വിമർശനാത്മകചിന്തയും വിദ്യാഭ്യാസ കാലത്തു തന്നെ നാം ആർജ്ജിക്കേണ്ടതുമുണ്ട്. ചുറ്റുപാടുമുള്ള സാഹചര്യങ്ങളെ ശരിയായി മനസ്സിലാക്കി അവരവർക്കും മറ്റുള്ളവർക്കും നന്മയായി ഭവിക്കുന്ന കർമ്മങ്ങളിൽ വ്യാപരിക്കാനുള്ള ഊർജ്ജം ശേഖരിക്കാൻ ഈ വർഷത്തെ ശിശുദിനം നമ്മെ ഓരോരുത്തരെയും പ്രാപ്തരാക്കട്ടെ!

എല്ലാ വിദ്യാർത്ഥികൾക്കും സ്നേഹപൂർവ്വം ശിശുദിനാശംസകൾ നേരുന്നു.

**എൻ.കെ.സുനിൽകുമാർ**
പി.ടി.എ പ്രസിഡന്റ്

# സ്കൂൾ അനുഭവത്തിലേക്ക് ഒരു തിരിച്ചുവരവ്



ഏകദേശം ഒന്നര വർഷത്തെ ഇടവേളയ്ക്ക് ശേഷം നവംബർ ഒന്നിന് കുട്ടികൾ അത്യുത്സാഹത്തോടെ വീടുകളിലെ ഒറ്റപ്പെടലിൽ നിന്നും വീണ്ടും സ്കൂൾ മുറ്റത്തെത്തി. കുട്ടികളുടെ കളിചിരിയും കലപില സംസാരങ്ങളും കൊണ്ട് വിദ്യാലയം വീണ്ടും മുഖരിതമായി. കോവിഡ് ഭീതിയും ആശങ്കകളും പ്രതിസന്ധികളും കുടഞ്ഞെറിഞ്ഞ് കൗമാരക്കാരും കുരുന്നുകളും കൂട്ടുകൂടലിന്റെ, സൗഹൃദത്തിന്റെ, സമ്പൂർണ്ണ സ്കൂൾ അനുഭവം ആവേശത്തോടെ വീണ്ടും ആസ്വദിച്ചു തുടങ്ങിയിരിക്കയാണ്.

കുട്ടികളാണ് രാഷ്ട്രത്തിന്റെ സമ്പത്ത്, രാജ്യത്തിന്റെ ഭാവി, എന്നു തിരിച്ചറിഞ്ഞ് അവരുടെ വളർച്ചയ്ക്കും വികസനത്തിനും വേണ്ടി പ്രയത്നിച്ച് നമ്മുടെ സ്വതന്ത്ര നാടിന്റെ ആദ്യ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിന്റെ ജന്മദിനമായ നവംബർ 14-ശിശുദിനം സമാഗതമായിരിക്കയാണ്. ഇന്ത്യയൊട്ടാകെ ഏറെ പ്രാധാന്യത്തോടെ ആഘോഷിക്കപ്പെടുന്ന ശിശുദിനത്തിൽ, ഓരോ കുട്ടിയുടെയും വളർച്ചയ്ക്കും വികസനത്തിനുമായി നൽകുന്ന അവകാശങ്ങൾ കൃത്യമായി നടപ്പിലാക്കപ്പെടുന്നുണ്ടോ, കുട്ടികളുടെ സുരക്ഷയും ആരോഗ്യ പരിരക്ഷയും ഉറപ്പാക്കാൻ കഴിയുന്നുണ്ടോ എന്നുള്ള വിചിന്തനവും അത്യന്താപേക്ഷിതമാണ്.

കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങളും ചൂഷണങ്ങളും തിരിച്ചറിഞ്ഞ് അതിനെതിരെ ശക്തമായി പ്രതികരിക്കാനും, കുട്ടികളെ മാനസികമായും ശാരീരികമായും ശക്തരാക്കുവാനും വിദ്യാഭ്യാസത്തിലൂടെ കഴിയണം. ഈ കോവിഡ് പ്രതിസന്ധി കാലഘട്ടത്തിൽ ജീവനകലയും അതിജീവനകലയും ആർജ്ജിച്ചു മുന്നേറുവാനും ആഗോള പൗരന്മാരായി വളർന്നു വരുവാനും വേണ്ട സാഹചര്യങ്ങൾ നാം സൃഷ്ടിക്കണം. നമ്മുടെ രാജ്യം പുതിയ സാങ്കേതിക വിദ്യയിലൂടെ വികസനത്തിലേയ്ക്കു നയിക്കുന്ന വിജയത്തിന്റെ താക്കോലാണ് ഓരോ കുട്ടിയും; കുട്ടികളെ ഏറെ സ്നേഹിച്ച ചാച്ചാ നെഹ്റുവിന്റെ സ്വപ്നങ്ങൾക്കു നിറം മങ്ങാതിരിക്കട്ടെ. സെന്റ് മേരീസ് വിദ്യാലയത്തിലെ കുട്ടികൾക്കും അധ്യാപകർക്കും മറ്റ് എല്ലാവർക്കും ശിശുദിനത്തിന്റെ ഹൃദയം നിറഞ്ഞ ആശംസകൾ മദർ പി.ടി.എ.യുടെ പേരിൽ നേരുന്നു.

നന്ദി

ഡോ. ജിബി ഗീവർഗ്ഗീസ്.

# സ്കൂൾ കാമ്പസിൽ ഒരു പച്ചത്തുരുത്ത്



സെന്റ് മേരീസ് സ്കൂളിലെ നാച്ചുറൽ സയൻസ് ഡിപ്പാർട്ട്മെന്റും സ്കൂൾ ഫാർമേഴ്സ് ക്ലബ്ബും സംയുക്തമായി സ്കൂളിൽ പുതിയൊരു കാർഷിക സംസ്ക്കാരം സൃഷ്ടിക്കാനൊരുങ്ങുകയാണ്. 'പച്ചത്തുരുത്ത് 'എന്ന ഈ പദ്ധതിയിൽ ഔഷധസസ്യങ്ങൾ, ഫലവൃക്ഷങ്ങൾ എന്നിവ ഉൾപ്പെടുന്നു.

# മലാല: പ്രചോദനത്തിന്റെ ആൾരൂപം

Jeevan. J Suresh
8 E

"One Child, one Teacher, One Pen and one Book Can Change the world."



2015-ഓടെ ലോകത്തെ എല്ലാ പെൺകുട്ടികളെയും വിദ്യാലയത്തിൽ എത്തിക്കാനുള്ള ഐക്യരാഷ്ട്ര പ്രചാരണ പരിപാടിയുടെ മുദ്രാവാക്യം ഇതാണ്, ആരാണീ മലാല? സ്ത്രീ ശാക്തീകരണത്തിനും വിദ്യാഭ്യാസത്തിനുമായി ശബ്ദമുയർത്തിയ ധീരയായ പെൺകുട്ടി. 1997 ജൂലൈ 12-ന് പാകിസ്ഥാനിലെ സ്വാത് താഴ്‌വരയിലുള്ള, മിംഗോള യിലാണ് മലാല യുസഫ്സായ് എന്ന പെൺ കുട്ടിയുടെ ജനനം. മലാല എന്ന വാക്കിന്റെ അർത്ഥം ദുഃഖം എന്നാണ്. ദുഃഖം എന്നർത്ഥമുള്ള തന്റെ പേര് പ്രകാശം പരത്തുന്ന പെൺകുട്ടി എന്ന് സ്വജീവിതത്തിലൂടെ മലാല തിരുത്തിക്കുറിച്ചു.

പാകിസ്ഥാനിലെ സ്വാത് താഴ്‌വരയുടെ നിയന്ത്രണം താലിബാൻ ഏറ്റെടുത്തപ്പോൾ സ്കൂളിൽ പോകാനുള്ള പെൺകുട്ടികളുടെ അവകാശം നിഷേധിച്ചതിനെ തുടർന്ന് ഒരു പെൺകുട്ടിമാത്രം താലിബാനെതിരെ ശബ്ദിച്ചു. വിദ്യാഭ്യാസത്തിന് ആയുധം താഴെ വയ്പ്പിക്കാൻ കഴിയുമെന്ന് വിശ്വസിച്ച മലാല യൂസഫ്സായ്, ബി ബി സി ഉറുദുവിൽ ഗുൽമക്കായി എന്ന പേരിൽ ബ്ലോഗുകൾ എഴുതി. മലാലയുടെ ബ്ലോഗുകളിലൂടെയാണ് സ്വാത് താഴ്‌വരയിലെ താലിബാൻ നിയന്ത്രണത്തിന്റെ പശ്ചാത്തലത്തിലെ ജീവിതത്തെ കുറിച്ച് പുറം ലോകം അറിയാൻ തുടങ്ങിയത് കുപിതരായ താലിബാൻ ഭീകരർ 2012 ഒക്ടോബർ 9-ന് അവളുടെ നെറ്റിയിലേക്ക് നിറയൊഴിച്ചു. മരണത്തിനുപോലും തന്റെ ശക്തമായ നിലപാടുകളെ തകർക്കാൻ സാധിക്കുകയില്ല എന്ന് തെളിയിച്ചുകൊണ്ട്, അവസാനിച്ചു എന്ന് കരുതിയിടത്തു നിന്നും ഒരു ഫീനിക്സ് പക്ഷിയെപ്പോലെ കൂടുതൽ ശക്തയായി, ആവേശത്തോടെ ലോകത്തിലെ ലക്ഷക്കണക്കിന് സ്ത്രീകളുടെ വിദ്യാഭ്യാസത്തിനായി അവൾ പോരാടി. 2014-ലെ സമാധാനത്തിനുള്ള നോബൽ സമ്മാനം മലാലയെ തേടിയെത്തി. സമാധാനത്തിനുള്ള നോബേൽ സമ്മാനം നേടുന്ന ഏറ്റവും പ്രായം കുറഞ്ഞ വ്യക്തിയാണ് മലാല യൂസഫ്സായ്. ഒരു ശബ്ദം മതി ലോകം മാറാൻ എന്ന പാഠമാണ് മലാല എന്ന സ്കൂൾ കുട്ടിയുടെ ജീവിതം നമുക്കു നൽകുന്ന പാഠം. ആ ജീവിതം ഏവർക്കും ഉള്ള ആഹ്വാനം ആണ്. ഏത് പ്രതികൂല സാഹചര്യത്തിലും വിദ്യാഭ്യാസം എന്ന വലിയ സമ്പാദ്യം സ്വായത്തമാക്കുന്നതിനുള്ള ആഹ്വാനം, അവസാനിച്ചു എന്ന് കരുതുന്നിടത്തു നിന്നും ഉയിർത്തെഴുന്നേൽക്കാനുള്ള ആഹ്വാനം, അടിച്ചമർത്തലുകൾക്കു മുന്നിലും സ്വന്തം അവകാശങ്ങൾക്ക് വേണ്ടി ശബ്ദമുയർത്തുവാനുള്ള ആഹ്വാനം.

# ഗ്രേറ്റ തുൻബർഗ്



ഒരൊറ്റ ട്വീറ്റിലൂടെ ഇന്ത്യമുഴുവൻ വൈറ ലായ ഒരു കൊച്ചു പെൺകുട്ടി 18 വയസ്സ് മാത്രമേയുള്ളുവെങ്കിലും ലോകോത്തര ശ്രദ്ധ നേടിയ നിരവധി പ്രസ്ഥാനങ്ങളുടെ അമരക്കാരി. ആരാണ് ഗ്രേറ്റ തുൻബർഗ്? രാജ്യം മുഴുവനും ഒരുപോലെ ചോദിച്ച ചോദ്യമാണ്. സ്വീഡനിലെ ഒരു പരിസ്ഥിതി പ്രവർത്തകയാണ് ഗ്രേറ്റ. 2018-ൽ സ്കൂളിൽ പഠിക്കുന്ന സമയത്താണ് ഫ്രൈഡേയ്സ് ഫോർ ഫ്യൂച്ചർ എന്ന അന്താരാഷ്ട്ര പരിസ്ഥിതി സംഘടന അവർ തുടങ്ങുന്നത്. സ്കൂൾ പഠനം ഒഴിവാക്കി സ്വീഡിഷ് പാർലമെന്റിന് മുൻപിൽ ഗ്രേറ്റ സമരം ചെയ്തു.

കയ്യിലെ പ്ലക്കർഡിൽ ഇങ്ങനെ എഴുതിയിരുന്നു. സ്കൂൾ സ്ട്രൈക്ക് ഫോർ ക്ലൈമറ്റ്. സമരകാലത്താണ് ഐക്യരാഷ്ട്രസഭയിലെ (യു.എൻ.) രാഷ്ട്ര തലവന്മാരുമായി സംസാരിക്കാൻ അവസരം ലഭിച്ചത്. 16-ാം വയസ്സിൽ ഐക്യരാഷ്ട്ര സഭയുടെ കാലാവസ്ഥ ഉച്ചകോടിയെ ഗ്രേറ്റ അഭിസംബോധന ചെയ്തു സംസാരിച്ചു. ലക്ഷക്കണക്കിന് പേരാണ് അന്ന് ഗ്രേറ്റയുടെ പ്രസംഗം കേട്ടത്.

പരിസ്ഥിതി പ്രശ്നങ്ങൾക്കെതിരെ വിട്ടുവീഴ്ച്ചയില്ലാതെ നിന്ന ആ 16 കാരി അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിനോട് വരെയും കൊമ്പ് കോർത്തു. 2019ലെ ടൈംസിന്റെ പേഴ്സൺ ഓഫ് ദ ഇയർ ആയി ഗ്രേറ്റയെ തിരഞ്ഞെടുത്തു. 2021-ൽ നോബൽ സമ്മാനത്തിനായി ഗ്രേറ്റയുടെ പേരും നോമിനേറ്റ് ചെയ്യപ്പെട്ടു. സ്വീഡിഷ് ഗായിക മലേൻ ഏർൺമെന്റെയും നടൻ സ്വാന്റെ തുൻബർഗിന്റെയും മകളാണ് ഗ്രേറ്റ.

ഇന്ത്യയിൽ കർഷക പ്രക്ഷോഭങ്ങൾക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചുള്ള ഗ്രേറ്റയുടെ ട്വീറ്റായിരുന്നു രാജ്യമൊട്ടാകെ അവരുടെ പേര് ഉയർന്നു കേൾക്കാനുണ്ടായ കാരണം.

# ഉണർവോടെ കളിക്കളങ്ങൾ

പുതിയ കായികാധ്യാപകൻ ശ്രീ. ലിവിൻ വിയുടെ നേതൃത്വത്തിൽ വിദ്യാർത്ഥികൾക്ക് ലോംഗൺ ടെന്നീസ്, ബാസ്ക്കറ്റ് ബോൾ, വോളിബോൾ എന്നീ ഗെയി മുകളിൽ കൃത്യമായ പരിശീലനം നല്കിവരുന്നു. നവംബർ 1-ന് സ്കൂൾ തുറ ക്കുന്നതിനു മുമ്പ് തന്നെ താത്പര്യമുള്ള വിദ്യാർത്ഥികളെ കണ്ടെത്തുകയും പരിശീലനം തുടങ്ങുകയും ചെയ്തിരുന്നു. വർഷങ്ങളായി മികവോടെ പ്രവർത്തിച്ചുവരുന്ന സെന്റ് മേരീസ് ക്രിക്കറ്റ് അക്കാദമിയും ഊർജ്ജസ്വലമായി പരിശീലന രംഗത്തുണ്ട്. സ്പോർട്സ് പ്രേമികളായ വിദ്യാർത്ഥികൾ ഏറെ താത്പര്യത്തോടെ അവരുടെ കായിക പരിശീലനം മുമ്പോട്ടു കൊണ്ടു പോകുന്നു.

# പാചകപ്പുര സജീവം



നവംബർ 1 ന് സ്കൂൾ തുറന്ന ദിനം മുതൽ 5 മുതൽ 8 വരെ ക്ലാസിലെ കുട്ടികൾക്ക് ഉച്ച ഭക്ഷണം നൽകുന്നതിനായി സെന്റ് മേരീസിന്റെ അടുക്കള സുസജ്ജം. പാചകപ്പുരയുടെ ആശീർവാദം 1-ാം തിയതി രാവിലെ ബഹു. പ്രിൻസിപ്പൽ നിർവ്വഹിച്ചു. അന്നു മുതൽ എല്ലാ പ്രവൃത്തി ദിവസങ്ങളിലും 2300ൽ പരം വിദ്യാർത്ഥികൾക്ക് രുചികരവും വ്യത്യസ്തവുമായ ഉച്ചഭക്ഷണം ഹെഡ്മാസ്റ്റർ ശ്രീ. ബിജോ ഗീവർഗീസ് സാറിന്റെയും ഒരു പറ്റം അധ്യാപകരുടെ യും നേതൃത്വത്തിൽ കൃത്യമായി നൽകിവരുന്നു.

# സത്യാർത്ഥി എന്ന മുന്നണിപ്പോരാളി

കുട്ടികളുടെ അടിമവേല അവസാനിപ്പിക്കാനും അവരെ ചൂഷണം ചെയ്യുന്നത് തടയാനും അവർക്ക് വിദ്യാഭ്യാസം ലഭിക്കാനും ജീവിതം ഉഴിഞ്ഞുവച്ച മഹത്‌വ്യക്തിയാണ് കൈലാഷ് സത്യാർത്ഥി. 2014-ൽ സമാധാനത്തിനുള്ള നോബേൽ സമ്മാനം നൽകി അദ്ദേഹത്തെ ലോകം ആദരിച്ചു. മധ്യപ്രദേശിലെ വിദിശയിൽ 1954 ജനുവരി 11 ന് ജനിച്ച കൈലാഷ് ശർമ്മ പിന്നീടു തന്റെ പേര് കൈലാഷ് സത്യാർത്ഥി എന്നു മാറ്റാൻ കാരണം താൻ ജാതി വ്യവസ്ഥയ്ക്ക് അതീതനാണ് എന്ന് പ്രഖ്യാപിക്കാനായിരുന്നു. നമ്മുടെ രാഷ്ട്ര പിതാവ് മഹാത്മാഗാന്ധി എഴുതിയ "എന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ" എന്ന ആത്മകഥയുടെ സ്വാധീനവും സത്യാർത്ഥി എന്ന പേരുമാറ്റത്തിൽ നാം കാണുന്നു. ഗാന്ധിജി ഉയർത്തിപ്പിടിച്ച ആദർശങ്ങളുടെ അനുയായി ആയിരുന്ന അദ്ദേഹം എൻജിനീയറിങ് ഉപരിപഠനത്തിനുശേഷം ഭോപ്പാലിലെ എൻജിനീയറിങ് കോളജിൽ അധ്യാപകനായി. മികച്ച ജോലിയും ഉയർന്ന ശമ്പളവും ആരും കൊതിക്കുന്ന ജീവിത സൗകര്യങ്ങളും കൈയിൽ വന്നിട്ടും സത്യാർത്ഥിയെ അതൊന്നും തൃപ്തനാക്കിയില്ല. ചെറിയപ്രായം മുതൽ ചുറ്റുപാടും കൂടിവരുന്ന അനീതികളും, കുട്ടികൾ അനുഭവിക്കുന്ന ബാലവേല പോലെയുള്ള ദുരിതങ്ങളും അദ്ദേഹത്തെ അസ്വസ്ഥനാക്കി. ഇരുപതാം വയസ്സിൽ അദ്ദേഹം കുട്ടികളുടെ അവകാശങ്ങൾക്കുവേണ്ടി പോരാടാൻ തുടങ്ങി. ആറു വർഷത്തിനുശേഷം ജോലി രാജിവച്ച് മുഴുവൻ സമയ സേവനത്തിനിറങ്ങുകയും ചെയ്തു. അതിനുവേണ്ടി തന്റെ താമസം ഡൽഹിയിലേക്കു മാറ്റി. 1980-ൽ ബച്പൻ ബചാവോ ആന്ദോളൻ എന്ന സംഘടനയ്ക്ക് രൂപം നൽകി. കൂടാതെ ബോണ്ട് ലേബർ ലിബറേഷൻ ഫ്രണ്ട് എന്ന സംഘടനയുടെ സെക്രട്ടറി ജനറൽ സ്ഥാനവും ഏറ്റെടുത്തു. ഇന്ത്യയിൽ ബാലവേലയ്ക്കെതിരെ കർശനനിയമങ്ങൾ ഉണ്ടെങ്കിലും തൊഴിലുടമകളും ഉദ്യോഗസ്ഥരുമടക്കമുള്ളവർ അതൊന്നും മൈൻഡ് ചെയ്യാറില്ല.

(ശേഷം പേജ് നാലിൽ)

കുറഞ്ഞ ശമ്പളത്തിന് കൂടുതൽ പണിക്കാരെ കിട്ടുന്നതുകൊണ്ട് ഫാക്ടറി ഉടമകൾ ബാലവേല പ്രോത്സാഹിപ്പിക്കാറാണ് പതിവ്. കുടുംബങ്ങളിലെ ദാരിദ്ര്യവും പട്ടിണിയും കാരണം കുട്ടികൾ ജോലി ചെയ്യുകയും ചെയ്യും. കാര്യങ്ങൾ ഇത്രയും മോശമായ സാഹചര്യത്തിലേക്കാണ് കൈലാഷ് സത്യാർത്ഥിയുടെ വരവ്. കുട്ടികളെകൊണ്ട് തൊഴിലുകൾ ചെയ്യിക്കുന്നവരുടെ പേടിസ്വപ്നമായി മാറി കൈലാഷ്. ബാലവേലയ്ക്കെതിരെ എഴുതുകയോ പ്രഭാഷണങ്ങൾ നടത്തുകയോ ആയിരുന്നില്ല അദ്ദേഹത്തിന്റെ വഴി മറിച്ച് ഒരു സംഘം ആളുകളെ കൂട്ടി അത്തരം വ്യവസായശാലകൾ റെയ്ഡ് ചെയ്യുന്നതായിരുന്നു അദ്ദേഹത്തിന്റെ രീതി! എന്നാൽ അത് അത്ര എളുപ്പമല്ലായിരുന്നില്ല. പലപ്പോഴും കൈലാഷ് സത്യാർത്ഥിയും സംഘവും അപകടങ്ങളിൽപ്പെട്ടു 2004ൽ ഒരു സർക്കസ് മാഫിയയുടെ പിടിയിൽ നിന്നു കുട്ടികളെ രക്ഷപ്പെടുത്തുമ്പോൾ അവർ ഭീകരമായി ആക്രമിക്കപ്പെട്ടു. അതുപോലെ 2011 ൽ ഡൽഹിയിലേ തുണി ഫാക്ടറിയിൽ നിന്നു കുട്ടികളെ രക്ഷപ്പെടുത്തവേ ഉണ്ടായ ആക്രമണത്തിൽ അദ്ദേഹത്തിനും സംഘാംങ്ങൾക്കും മാരകമായി പരിക്കേറ്റു. എതിർപ്പുകൾക്ക് അദ്ദേഹത്തെ തളർത്താനായില്ല. ഭാര്യ സുമേധയും കുടുംബവും പൂർണ്ണ പിന്തുണയോടെ അദ്ദേഹത്തോടൊപ്പം ഇന്നും എന്നുമുണ്ട്. പതിയെ അദ്ദേഹത്തിന്റെ ശ്രമങ്ങൾ ഫലം കണ്ടു തുടങ്ങി. പല ഫാക്ടറികളും ബാലവേലക്കാരെ പൂർണ്ണമായി ഒഴിവാക്കാൻ തുടങ്ങി. ഒപ്പം, ഇവിടെ ബാലവേലയില്ല എന്ന് ബോർഡ് പുറത്ത് സ്ഥാപിക്കാനും തുടങ്ങി. ദാരിദ്ര്യം കാരണമാണ് കുട്ടികളെ ജോലിക്കു വിടുന്നത് എന്ന വാദത്തോട് കൈലാഷ് ഒട്ടും യോജിക്കുന്നില്ല. കുട്ടികളുടെ ജീവിതം ഹോമിച്ചല്ല ദാരിദ്ര്യത്തിന് പരിഹാരം കാണേണ്ടത് എന്ന അദ്ദേഹം പറയുന്നു. കുട്ടികൾക്ക് ആരോഗ്യകരമായ ജീവിതസാഹചര്യവും വിദ്യാഭ്യാസവും ലഭിക്കാൻ ആവശ്യമായ ക്ഷേമപദ്ധതികൾ ഗവൺമെന്റ് ആവിഷ്കരിക്കണമെന്നാണ് കൈലാഷ് ആവശ്യപ്പെടുന്നത്. പതിനാല് വയസ്സിൽ താഴെയുള്ള കുട്ടികളെ സർക്കസിൽ പങ്കെടുപ്പിക്കരുത് എന്ന സുപ്രീം കോടതി വിധിക്കു പിന്നിലും കൈലാഷ് സത്യാർഥിയുടെ ഇടപെടലുകളാണ്. രക്ഷപ്പെടുത്തുന്ന കുട്ടികൾക്കു വിദ്യാഭ്യാസം നൽകി പുനരധിവസിപ്പിക്കാൻ കൈലാഷ് സത്യാർത്ഥി ശ്രദ്ധിച്ചിരുന്നു. ഈ നിസ്വാർത്ഥ സേവനം കൂടുതൽ ജനശ്രദ്ധ ആകർഷിച്ചപ്പോൾ ലോകമൊട്ടാകെയുള്ള പല സംഘടനകളും സഹായഹസ്തവുമായി മുന്നോട്ടു വന്നു. അങ്ങനെയാണ് ഗ്ലോബൽ മാർച്ച് എഗൻസ്റ്റ് ചൈൽഡ് ലേബർ എന്ന സംഘടന അദ്ദേഹം ഉണ്ടാക്കിയത്. പതിനൊന്നാം വയസ്സിൽ തന്നെ വെളിവായ സ്നേഹത്തിന്റെയും അലിവിന്റെയും നേതൃപാടവമാണ് കൈലാഷ് സത്യാർത്ഥിയെ 60-ാം വയസ്സിൽ നോബൽ സമ്മാനം വാങ്ങുന്ന ഏഴാമത്തെ ഇന്ത്യക്കാരനാക്കിയത്. സമാധാനത്തിനുള്ള നൊബേലിനു പുറമേ ഫ്രീഡം പുരസ്കാരം, ഗോൾഡൻ ഫ്ളാഗ് പുരസ്കാരം തുടങ്ങി ധാരാളം രാജ്യാന്തര പുരസ്ക്കാരങ്ങൾ കൈലാഷിന് ലഭിച്ചിട്ടുണ്ട്.



Mr. Kailash Satyarthi

Aswin Venu
10-R



പട്ടം സെന്റ് മേരീസ് സ്കൂളിൽ ശിശുദിനാഘോഷത്തോടനുബന്ധിച്ച് പെയ്ന്റിംഗ്, ഡ്രോയിങ്ങ്, ക്രാഫ്റ്റ് മത്സരങ്ങൾ നടന്നു. മാസങ്ങൾക്കു ശേഷം നടന്ന മത്സരങ്ങളിൽ കുട്ടികൾ ആവേശപൂർവ്വം പങ്കെടുത്തു.

# സെന്റ് മേരീസ് കൗൺസിലിംഗ് സെന്റർ പ്രവർത്തനമാരംഭിച്ചു



കുട്ടികളുടെ മാനസിക വൈകാരിക പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനും അവർക്ക് മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനും സെന്റ് മേരീസ് കൗൺസിലിംഗ് സെന്റർ പ്രവർത്തനം ആരംഭിച്ചു. ഈ രംഗത്ത് ഏറെ പ്രവർത്തന പരിചയമുള്ള സി. ജർമെയ്ൻ ഡി.എം.ന്റെ നേതൃത്വത്തിലാണ് വിദ്യാർത്ഥികൾക്ക് സേവനം ലഭ്യമാകുന്നത്. ക്ലാസ്സ് അധ്യാപകരുടെ നിർദ്ദേശാനുസരണം വിവിധ മാനസിക ബുദ്ധിമുട്ടുകളനുഭവിക്കുന്ന കുട്ടികളെ തിങ്കൾ, വെള്ളി ദിവസങ്ങളിൽ ബഹു. സിസ്റ്റർ കാണുകയും സംസാരിക്കുകയും ചെയ്യുന്നു. ഈ ചുരുങ്ങിയ കാലയളവിനുള്ളിൽ ഏറെ വിദ്യാർത്ഥികൾക്ക് ഈ സേവനം പ്രയോജനകരമായി. കൗൺസിലിംഗ് പ്രവർത്തനങ്ങൾ സ്കൂൾ തലത്തിൽ ശക്തിപ്പെടുത്തുന്നതിന്റെ പോകുന്നതിന്റെ ഭാഗമായി യുപി, ഹൈസ്കൂൾ, ഹയർ സെക്കന്ററി വിഭാഗങ്ങളിൽ നിന്നും തിരഞ്ഞെടുത്ത അദ്ധ്യാപകർക്ക് സി. ജർമെയ്ൻ പരിശീലനവും നൽകി വരുന്നു.

## പ്രതിഭകൾക്കൊപ്പം


കേരളസർക്കാർ, പൊതുവിദ്യാഭ്യാസ വകുപ്പ്, ശാസ്ത്രരംഗം സംസ്ഥാന സമിതി എന്നിവയുടെ നേതൃത്വത്തിൽ പ്രതിഭകൾക്കൊപ്പം എന്ന പരിപാടിയിൽ LIGO ശാസ്ത്രജ്ഞനും ICTC - TIFR Banglore ന്റെ ഗുരുത്വ തരംഗ ഭൗതിക ശാസ്ത്ര ഗവേഷകൻ പ്രൊഫ. അജിത് പരമേശ്വരൻ, ഗൂഗിൾ മീറ്റ് വഴി വിദ്യാർത്ഥികളുമായി സംവദിച്ചു. പ്രസ്തുത പരിപാടി ഡി.ജി.ഇ. ശ്രീ. ജീവൻ ബാബു ഐ.എ.എസ്. ഉദ്ഘാടനം ചെയ്തു. പട്ടം സെന്റ് മേരീസിലെ നിരവധി വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും ഇതിൽ പങ്കെടുക്കാൻ കഴിഞ്ഞു.

## ഇൻഡിവുഡ്സ് എക്സലൻസ് അവാർഡ് 2021 സെന്റ് മേരീസിന്

സെന്റ് മേരീസ് കലാലയത്തിന്റെ മികച്ച പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമായി 2021 ലെ ഇൻഡിവുഡ്സ് എക്സലൻസ് അവാർഡ് 2021 ലഭിച്ചു. ബഹു. സ്കൂൾ പ്രിൻസിപ്പൽ റവ. ഫാ. ബാബു ടി. സ്കൂളിനുവേണ്ടി പുരസ്ക്കാരം ഏറ്റുവാങ്ങി.



## ആദ്യപാദ വിലയിരുത്തൽ ഓൺലൈനിൽ



പൊതു വിദ്യാഭ്യാസ വകുപ്പ് ആദ്യപാദ പരീക്ഷകൾ എല്ലാവിഭാഗങ്ങൾക്കും ഓൺലൈനായി സെപ്റ്റംബർ മാസത്തിൽ നടത്തി. മാതാപിതാക്കളുടെ നിരീക്ഷണത്തിൽ വീട്ടിലിരുന്നു പരീക്ഷകളെഴുതിയ വിദ്യാർത്ഥികളുടെ ഉത്തരക്കടലാസുകൾ വിലയിരുത്തി അധ്യാപകർ തിരികെ നൽകി. കുട്ടികളുടെ പഠന നിലവാരത്തെ വിലയിരുത്താൻ ഈ പരീക്ഷകൾ ഉപകരിച്ചു.



# ബാലജനസഖ്യം കർമ്മ പദ്ധതി ഉദ്ഘാടനം

അഖില കേരള ബാലജനസഖ്യം സെന്റ് മേരീസ് ശാഖയുടെ കർമ്മ പദ്ധതി ഉദ്ഘാടനം ഒക്ടോബർ പന്ത്രണ്ടാം തീയതി നടത്തപ്പെട്ടു. പ്രിൻസിപ്പൽ റവ. ഫാ. ബാബു ടി. അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ സഖ്യം പ്രസിഡന്റ് കുമാരി വിജിത സാം കുരാക്കാർ സ്വാഗതം ആശംസിച്ചു. സഖ്യം സെക്രട്ടറി കുമാരി അമൃത എ. എം. കർമപദ്ധതി അവതരിപ്പിച്ചു.

കേരള നിയമസഭ ഡെപ്യൂട്ടി സ്പീക്കർ ശ്രീ. ചിറ്റയം ഗോപകുമാർ കർമ്മ പദ്ധതി ഉദ്ഘാടനം ചെയ്തു. സാമൂഹ്യക്ഷേമ പദ്ധതി ഉദ്ഘാടനം റൈറ്റ് റവ. മോൺ. ഡോ. മാത്യു മനക്കരക്കാവിൽ കോർ എപ്പിസ്കോപ്പ നിർവഹിച്ചു. മലയാള മനോരമ അസിസ്റ്റന്റ് എഡിറ്റർ ശ്രീ ബി. മുരളി മുഖ്യസന്ദേശം നൽകി. വൈസ് പ്രിൻസിപ്പൽ ശ്രീ ബിജോ ഗീവറുഗീസ്, നഗരസഭാ കൗൺസിലർ ശ്രീ. ജോൺസൺ ജോസഫ്,യൂണിയൻ രക്ഷാധികാരി അഡ്വ.പി എസ്. തോമസ്, പി. ടി. എ. പ്രസിഡന്റ്, യൂണിയൻ പ്രസിഡന്റ് മാസ്റ്റർ ആലോക് പി പ്രപഞ്ച് എന്നിവർ ആശംസകൾ അറിയിച്ചു. മാസ്ക്, സാനിറ്റൈസർ ഇവ ഓട്ടോറിക്ഷാ തൊഴിലാളികൾക്ക് വിതരണം ചെയ്യാനായി സംഭാവന ചെയ്ത സഖ്യം ട്രഷറർ കൂടിയായ കിരണിനെ ആദരിച്ചു. തുടർന്ന് കുട്ടികളുടെ കലാപരിപാടികൾ നടന്നു.

സഖ്യം ജോയിന്റ് സെക്രട്ടറി മാസ്റ്റർ ജോഹൻ തോമസ് കൃതജ്ഞത അറിയിച്ചു.

# "മേധ 2K 2021 മെഗാ ക്വിസ്" വൻവിജയം

തിരുവനന്തപുരം : പട്ടം സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂളും നൂറുൽ ഇസ്ലാം യൂണിവേഴ്സിറ്റിയും സംയുക്തമായി സംഘടിപ്പിച്ച മേധ 2K 2021 മെഗാ ക്വിസ് സ്കൂളുകളുടെ വലിയ പങ്കാളിത്തത്തോടെ വിജയകരമായി പൂർത്തിയായി. തിരുവനന്തപുരം ജില്ലയിലെ ഒന്നു മുതൽ 12 വരെ ക്ലാസ്സിലെ എല്ലാ വിദ്യാർത്ഥികൾക്കുവേണ്ടിയും ഒരുക്കിയ ഈ വിജ്ഞാന മാമാങ്കം മൂന്ന് ഘട്ടങ്ങളിലായിട്ടാണ് നടന്നത്. നവംബർ മൂന്നിന് ഒന്നാം റൗണ്ട് മത്സരം ആരംഭിച്ചു. ആദ്യ 2 റൗണ്ടുകൾ ഓൺലൈനായും ഫൈനൽ റൗണ്ട് നേരിട്ട് നവംബർ 12 വെള്ളിയാഴ്ച സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂൾ ഓഡിറ്റോറിയത്തിലും നടന്നു. വ്യക്തിഗത മത്സരം, ഒന്നരലക്ഷം രൂപയുടെ ക്യാഷ് പ്രൈസുകൾ, സൗജന്യ രജിസ്ട്രേഷൻ, മെറിറ്റ് സർട്ടിഫിക്കറ്റുകൾ എന്നിവ ഇതിന്റെ സവിശേഷതകളായിരുന്നു. കൂടുതൽ കുട്ടികളെ പങ്കെടുപ്പിക്കുന്ന സ്കൂളുകൾക്ക് പ്രത്യേക അവാർഡുകളും വിതരണം ചെയ്തു. സമ്മാനങ്ങളും സർട്ടിഫിക്കറ്റുകളും മറ്റ് അവാർഡുകളും മോറാൻ മോർ ബസേലിയോസ് കാർഡിനൽ ക്ലീമിസ് കാതോലിക്കാബാവാ വിതരണം ചെയ്തു. നൂറുൽ ഇസ്ലാമിക് യൂണിവേഴ് സിറ്റിയുടെ പ്രോ വൈസ് ചാൻസിലർ എം.എസ്. ഫൈസൽ ഖാൻ മുഖ്യ അതിഥി ആയിരുന്നു. പട്ടം സെന്റ് മേരീസ് ഹയർ സെക്കന്ററി സ്കൂൾ മേധാ ക്വിസ് വരും വർഷങ്ങളിൽ തുടരുമെന്ന് പ്രിൻസിപ്പൽ ഫാദർ ബാബു ടി.യും ഹെഡ്മാസ്റ്റർ ശ്രീ. ബിജോ ഗീവർഗീസും അറിയിച്ചു.

**മേധാ ക്വിസ് 2021 വിജയികൾ**

**കാറ്റഗറി 1 :** റുത്ത് ജേക്കബ് ഹോളി ഏഞ്ചൽസ് ഹൈസ്കൂൾ തിരുവനന്തപുരം, നയോമി റേച്ചൽ ഫിലിപ്പ് സർവോദയ സെൻട്രൽ വിദ്യാലയ തിരുവനന്തപുരം, അൻവിത പി. സെന്റ് മേരിസ് എച്ച്.എസ്.എസ്. പട്ടം. **കാറ്റഗറി 2:** ഹൃദയശ്രീ ആർ. കൃഷ്ണൻ ക്രൈസ്റ്റ് നഗർ എച്ച്.എസ്.എസ്. കവടിയാർ, നന്ദിത ഗോപൻ ലൂർദ് മാതാ പബ്ലിക് സ്കൂൾ വട്ടപ്പാറ, കൃപ ആൻ തോമസ് ക്രൈസ്റ്റ് നഗർ ഐസിഎസ്ഇ സ്കൂൾ തിരുവനന്തപുരം. **കാറ്റഗറി 3:** ആദിത്യാ കിഷോർ ലയോള സ്കൂൾ തിരുവനന്തപുരം, ആദിത്യൻ ഡിഎം, എസ്.എസ്. എച്ച്.എസ്.എസ്. ചിറയിൻകീഴ്, അദ്വൈദ് എം. പ്രശാന്ത് ജി.എച്ച്.എസ്.എസ്. മൈലച്ചൽ കാട്ടാക്കട.

# ഉണർവോടെ എസ്.പി.സി.

പട്ടം, സെന്റ് മേരീസിലെ സ്റ്റുഡന്റ് പോലീസ് കേഡറ്റ് മികച്ച പ്രവർത്തനങ്ങളുമായി കൊറോണക്കാലത്തു സജീവമായിരുന്നു. 2021 സെപ്തംബർ മാസത്തിൽ "സ്കൂൾ തുറക്കുമ്പോൾ ശ്രദ്ധിക്കേണ്ടതെല്ലാം" എന്ന വിഷയത്തെ ആസ്പദമാക്കി പ്രമുഖ ആയുർവേദ സീനിയർ മെഡിക്കൽ ഓഫീസർ ഡോ. ജി. പി. സിദ്ധി ഓൺലൈനിലൂടെ ബോധവത് കരണ ക്ലാസ്സ് നടത്തി. ഒക്ടോബറിൽ മഴക്കാലരോഗങ്ങളും പ്രതിരോധ മാർഗ്ഗങ്ങളും എന്ന വിഷയത്തിൽ ഡോ. സ്മിത എസ്. ശിവൻ കേഡറ്റുകൾക്ക് അവബോധം നൽകി. ഇതിനുപുറമേ 2021 എസ്.എസ്.എൽ.സി. പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ+ നേടിയ 28 കേഡറ്റുകൾക്ക് അനുമോദനമർപ്പിച്ചു. ചടങ്ങിൽ മുഖ്യ അതിഥിയായി. ഡോ. ദിവ്യ എസ്. ഗോപിനാഥ് ഐ.പി.എസ്. പങ്കെടുത്തു.



# എല്ലാം നല്ലതിനു തന്നെ

രാഹുൽ ആർ.
7M

പണ്ട് പണ്ട് ഒരു രാജാവുണ്ടായിരുന്നു. ഈ രാജാവിനു ബുദ്ധിമാനായ ഒരു മന്ത്രിയുണ്ടായിരുന്നു. രാജാവിന് നായാട്ട് എന്ന് വെച്ചാൽ ഇഷ്ടമുള്ള ഒരു വിനോദമായിരുന്നു. സമയം കിട്ടുമ്പോഴൊക്കെ രാജാവും മന്ത്രിയും ബാക്കിയുള്ള ഭടന്മാരെയും കൂട്ടി നായാട്ടിനു പോകുമായിരുന്നു. അങ്ങനെ ഒരു ദിവസം നായാട്ടിനു പോകുന്നവഴി ഒരപകടം പറ്റി രാജാവിന്റെ കൈ മുറിഞ്ഞ് ചോര വരാൻ തുടങ്ങി. അപ്പോൾ മന്ത്രി പറഞ്ഞു: അതു നല്ലതു തന്നെ ഇതു കേട്ടപ്പോൾ രാജാവിനു ദേഷ്യം വന്നു. എന്റെ കൈ മുറിഞ്ഞ് ചോര വരുമ്പാഴാണോ നല്ലതുതന്നെയെന്നു പറയുന്നത് ഈ മന്ത്രിയെ കൊണ്ടുപോയി ജയിലിലടയ്ക്കൂ. രാജാവ് ഭടന്മാരോട് ആജ്ഞാപിച്ചു. അപ്പോൾ മന്ത്രി പറഞ്ഞു. അതു നല്ലതുതന്നെ. ഉടനെ തന്നെ ഭടന്മാർ മന്ത്രിയെ കൊണ്ടുപോയി ജയിലിലടച്ചു. രാജാവ് നായാട്ട് തുടർന്നു. പെട്ടെന്ന് അതാ ഒരു സിംഹം. രാജാവിന്റെ ഭടന്മാർ നാലുപാടും ഓടി ഒരു മരത്തിൽ കയറി.

രാജാവാണെങ്കിൽ പേടിച്ചു വിറച്ച് ബോധം കെട്ടു വീണു. സിംഹം രാജാവിന്റെ അടുത്തു വന്നു രാജാവിനെ മണത്തു നോക്കി. ചോരയുടെ മണം! ചോര മണമുള്ള ഇറച്ചി സിംഹത്തിനു ഇഷ്ടമില്ലായിരുന്നു. അതുകൊണ്ട് രാജാവിനെ സിംഹം തിന്നാതെ നടന്നു പോയി. അന്നേരമാണ് രാജാവിനു മനസ്സിലാകുന്നത്. കൈ മുറിഞ്ഞ് ചോര വന്നില്ലായിരുന്നെങ്കിൽ ആ സിംഹം തന്നെ തിന്നുമായിരുന്നു. ഉടനെ തന്നെ ഭടന്മാരോട് പറഞ്ഞു മന്ത്രിയെ ജയിലിൽ നിന്നും മോചിപ്പിച്ചു രാജാവ് പറഞ്ഞു എനിക്ക് തെറ്റുപറ്റിപ്പോയി എന്നോട് ക്ഷമിച്ചാലും എന്റെ കൈമുറിഞ്ഞ് ചോര വന്നില്ലായിരുന്നു വെങ്കിൽ ആ സിംഹം എന്നെ കൊന്നുതിന്നുമായിരുന്നു. ഇതു കേട്ട മന്ത്രി പറഞ്ഞു അങ്ങ് എന്നെ ജയിലിൽ അടച്ചില്ലായിരുന്നെങ്കിൽ എന്നെയും ആ സിംഹം തിന്നുമായിരുന്നു. എനിക്കാണെങ്കിൽ മരത്തിൽ കയറാൻ പോലും അറിയില്ല. ഹാ..ഹാ..ഹാ... അവരെല്ലാവരും കൂട്ടത്തോടെ ചിരിച്ചു. അതിനുശേഷം രാജാവ് മന്ത്രിക്ക് ഒരുപാട് സമ്മാനം കൊടുക്കുകയും ചെയ്തു. എല്ലാവർക്കും സന്തോഷമായി.

ഈ കഥയിൽ നിന്ന് നമുക്ക് മനസ്സിലാക്കാം നമ്മുടെ ജീവിതത്തിൽ എന്തു സംഭവിച്ചാലും അതു നല്ലതിനു മാത്രം. എല്ലാം നല്ലതിനു തന്നെ....

# കേരളപ്പിറവി ദിനാഘോഷം



65 കേരളപ്പിറവിയുടെ 65-ാമത് വാർഷിക ദിനമായ നവംബർ ഒന്ന് സെന്റ് മേരീസ് സമുചിതമായി ആഘോഷിച്ചു. വട്ടിയൂർക്കാവ് എം.എൽ. എ. ശ്രീ. വി.കെ. പ്രശാന്ത് ഉദ്ഘാടനം ചെയ്തു. സ്കൂൾ പ്രിൻസിപ്പൽ റവ. ഫാ. ബാബു ടി. ആദ്ധ്യക്ഷ്യം വഹിച്ച സമ്മേളനത്തിൽ ഹെഡ്മാസ്റ്റർ ശ്രീ. ബിജോ ഗീവറുഗീസ് സ്വാഗതം ആശംസിച്ചു. കൗൺസിലർ ശ്രീ. ജോൺസൺ ജോസഫ്, പി.ടി.എ. പ്രസിഡന്റ് ശ്രീ. എൻ. കെ. സുനിൽ കുമാർ, മദർ പി.ടി.എ. പ്രസിഡന്റ് ശ്രീമതി ജിബി ഗീവർഗ്ഗീസ് എന്നിവർ പ്രസംഗിച്ചു. പ്രോഗ്രാം കോ-ഓഡിനേറ്റർ റവ. ഫാ. നെൽസൺ വലിയ വീട്ടിൽ നന്ദി രേഖപ്പെടുത്തി. കുട്ടികളുടെ സംഘഗാനവും കവിതാലാപനവും സമ്മേളനത്തിന് മാറ്റുകൂട്ടി.

**സ്കൂൾ മാഗസിനിലേയ്ക്ക് അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും കലാസാഹിത്യ രചനകൾ ക്ഷണിക്കുന്നു രചനകൾ നവംബർ 30നകം magazineeditor2022@gmail.com എന്ന mail/IDയിൽ അയയ്ക്കുകയോ സ്കൂൾ റിസപ്ഷനിലുള്ള ബോക്സിൽ നിക്ഷേപിക്കുകയോ, ചെയ്യുക. വിശദവിവരങ്ങൾക്കായി ബിന്നി പി. ജെ. സാറിനെ സമീപിക്കുക.**